## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1083** **11-02-2025 - ൽ മറുപടിയ്ക്ക്**

## വെള്ളക്കര വർദ്ധന

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. സജീവ് ജോസഫ്</td><td colspan="2">ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാരിന്റെ കാലയളവിൽ എത്ര തവണ വെള്ളക്കരം വർദ്ധിപ്പിച്ചു; അവസാനമായി വെള്ളക്കരം വർദ്ധിപ്പിച്ചത് എന്നാണ്; എത്ര രൂപയാണ് വർദ്ധന ഉണ്ടായത്; വ്യക്തമാക്കുമോ;</td><td>(എ)</td><td>ഈ സർക്കാരിന്റെ കാലയളവിൽ ആകെ 2 തവണ വാട്ടർ ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്. അവ താഴെ പറയും പ്രകാരമാണ്.<ol><li>10-02-2021 തീയതിയിലെ G.O.(MS)No.9/ 2021/WRD നമ്പർ ഉത്തരവ് പ്രകാരം 01/04/2022 മുതൽ 5 ശതമാനം വാട്ടർ ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്.</li><li>03-02-2023 തീയതിയിലെ G.O.(MS)No. 11/2023/WRD നമ്പർ ഉത്തരവ് പ്രകാരം 2023 -ൽ പൊതു ടാപ്പുകൾ ഉൾപ്പെടെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ലിറ്ററിന് ഒരു പൈസ വീതവും വാട്ടർ ചാർജ് വർദ്ധനവ് വരുത്തിയിട്ടുണ്ട്.</li></ol></td></tr>
<tr><td>(ബി)</td><td>വെള്ളക്കരം വർദ്ധിപ്പിച്ചത് വഴി കേരള വാട്ടർ അതോറിറ്റി നാളിതുവരെ എത്ര തുക അധികം സമാഹരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?</td><td>(ബി)</td><td>നിരക്ക് വർദ്ധനവിലൂടെ ഓരോ തവണയും സമാഹരിക്കാൻ കഴിഞ്ഞ അധിക വരുമാനത്തിന്റെ വിവരം ചുവടെ<table><tr><th>സാമ്പത്തിക വർഷം</th><th>വ്യത്യാസം (കോടിയിൽ)</th></tr><tr><td>2022-23</td><td>2022 ഏപ്രിലിലെ നിരക്ക് വർദ്ധനവിലൂടെ ഡിമാന്റിൽ 90.17 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായി.</td></tr><tr><td>2023-24</td><td>2023 ഫെബ്രുവരിയിലെ നിരക്ക് വർദ്ധനവിലൂടെ ഡിമാന്റിൽ 649.98 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായി.</td></tr></table></td></tr>
</table>

സെക്ഷൻ ഓഫീസർ